# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4357

24.10.2016 ൽ - മറുപടിക്ക്

## ഭക്ഷ്യധാന്യ വിതരണത്തിന് പുതിയ സംവിധാനം

**ചോദ്യം**

ശ്രീ. വി.ഡി. സതീശൻ
,, എം. വിൻസെന്റ്
,, അൻവർ സാദത്ത്
,, ഷാഫി പറമ്പിൽ :

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്ത് ഭക്ഷ്യ ധാന്യ വിതരണത്തിൽ ഉപഭോക്താവ് വഞ്ചിക്കപ്പെടാതിരിക്കാൻ എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ;

(എ) റേഷൻ കടകളിലെല്ലാം ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിൽ നടക്കുന്ന എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവൽക്കുന്നതിനും റേഷൻ കടകളിലെത്തുന്ന ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിന് ആധാർ അല്ലെങ്കിൽ സ്മാർട്ട് കാർഡ് / ബാർകോഡ് പോലുള്ള ബദൽ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഓരോ ഗുണഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തത്സമയം തന്നെ ഉദ്യോഗസ്ഥതലത്തിലും പൊതുജനങ്ങൾക്കും വിവരങ്ങൾ ലഭ്യമാകത്തക്ക വിധം ട്രാൻസ്പാരൻസി പോർട്ടൽ സജ്ജമാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

(ബി) റേഷൻ കടകളിൽ നിന്നും കിട്ടേണ്ട ഉത്പന്നങ്ങളും അളവും പ്രതിമാസ റേഷൻ സംബന്ധിച്ച വിവരങ്ങളും ഉപഭോക്താവിനെ അറിയിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പുതിയ സംവിധാനത്തിൽ ഉള്ളത്; വിവരിക്കാമോ;

(ബി) റേഷൻകടകളിൽ നിന്നും കിട്ടേണ്ട ഉത്പന്നങ്ങളും അളവും സംബന്ധിച്ച് പ്രതിമാസ റേഷൻ വിഹിത വിവരങ്ങൾ ഓരോ ഉപഭോക്താവിനും എസ്.എം.എസ്. മുഖേന അറിയിക്കുക, സ്റ്റോക്ക് എത്തിച്ചേരുന്ന വിവരം കാർഡുടമയെ എസ്.എം.എസ്. സന്ദേശം വഴി അറിയിക്കുക, കൂടാതെ ട്രാൻസ്പാരൻസി പോർട്ടൽ മുഖേന ഓരോ ട്രാൻസാക്ഷനും തത്സമയം തന്നെ എല്ലാവർക്കും നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക തുടങ്ങിയവ പുതിയ സംവിധാനത്തിൽ വിഭാവന ചെയ്യുന്നുണ്ട്.

(സി) എന്നു മുതലാണ് ഇത്തരം സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

(സി) 31.03.2017-നകം പൊതുവിതരണ സമ്പ്രദായത്തിന്റെ എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സെക്ഷൻ ഓഫീസർ